

# ഗവൺമെന്റ് ഏറ്റെടുക്കണം

**എം.കെ രാഘവൻ**
(കെ.പി.സി.സി സെക്രട്ടറി)

**മാറാട്** നടന്ന രണ്ട് കലാപങ്ങളിലെയും ദുഃഖാർത്തരായ കുടുംബങ്ങളോട് നാം അനുഭാവം രേഖപ്പെടുത്തുന്നു. അതോടൊപ്പം വർഷങ്ങളായി ജയിലിൽ കഴിയുന്ന, മനുഷ്യാവകാശം ലഭിക്കാത്ത ആളുകളോട് ഞാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു. കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ, മതവ്യത്യാസങ്ങളില്ലാതെ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു മഹനീയ പാരമ്പര്യം കോഴിക്കോടിനുണ്ട്. സാമൂതിരി രാജാവിന്റെ കാലത്ത് ഇവിടെയെത്തിയ അറബികൾക്ക് ഇവിടുത്തെ സ്ത്രീകളെ വിവാഹം കഴിക്കാം എന്ന് രാജാവുതന്നെ വിളംബരം പുറപ്പെടുവിച്ചതായി ഇബ്നു ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോടിന്റെ ഇത്തരം മഹനീയ പാരമ്പര്യത്തിന് നിരക്കാത്തതും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതുമാണ് മാറാട് സംഭവങ്ങൾ.

വിദ്യാസമ്പന്നത കൂടുംതോറും, ജനാധിപത്യം ആധുനികവൽക്കരിക്കപ്പെടും തോറും മനുഷ്യാവകാശ ലംഘനം കൂടി വരുന്നത് സമീപകാല സമസ്യകളാണ്. യുദ്ധരംഗത്ത് വിജയികൾ പരാജിതർക്കുമേൽ കാണിക്കുന്നത് ക്രൂരമായ പീഡനങ്ങളാണ്. ഇറാഖിലും മറ്റും നടക്കുന്നതിതാണ്.

ലോകത്ത് മനുഷ്യാവകാശം ഒരു സാമൂഹിക പ്രശ്നമായി ഉയർന്നുവന്നത് അമേരിക്കയുടെയും ഫ്രാൻസിന്റെയും സ്വാതന്ത്ര്യ സമര കാലഘട്ടത്തിലാണ്. എന്നാൽ അതിന്റെ ഇപ്പോഴത്തെ അസ്ഥയെന്താണ്? അമേരിക്കയും ഫ്രാൻസും ഇന്ന് മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുന്നുണ്ടോ? ലോകത്ത് ഇന്ന് ഏറ്റവും അധികം മനുഷ്യാവകാശ ലംഘനവും പീഡനങ്ങളും നടത്തുന്നത് അമേരിക്കൻ സാമ്രാജ്യത്വമാണ്.

1948-ലെ ഹ്യൂമൻറൈറ്റ് ഡിക്ലറേഷൻ പറയുന്നത് ഒരാൾ ശിക്ഷിക്കപ്പെടുന്നതുവരെ കുറ്റവാളിയല്ല എന്നാണ്. മാറാട് പ്രശ്നത്തിൽ ഏതോ ചിലർ ചെയ്ത തെറ്റിന്റെ പേരിൽ നൂറിലധികം പേർ ജയിലിൽ പീഡനം അനുഭവിക്കുകയാണ്. അവരുടെ കുടുംബങ്ങളും പ്രയാസം സഹിക്കുന്നു. ഇതിന് പരിഹാരം ഉണ്ടാകേണ്ടതാണ്. വിചാരണത്തടവുകാരുടെ ആരോഗ്യം, കുടുംബത്തിന്റെ സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ ഗവൺമെന്റ് ഏറ്റെടുക്കണം.

സമാധാനമാണ് എല്ലാവരും ആഗ്രഹിക്കുന്നത്. സഹിഷ്ണുതയോടെ കഴിയുമ്പോഴേ അതുണ്ടാകൂ. സഹിഷ്ണുത നഷ്ടപ്പെടുമ്പോഴാണ് തീവ്രവാദം വളരുന്നത്. അതൊഴിവാക്കണം. ഒരു മേശക്കു ചുറ്റുമിരുന്ന് ചർച്ച ചെയ്ത് പരിഹരിക്കാവുന്ന വിഷയങ്ങളേ ഇവിടെയുള്ളൂ. എത്ര വലിയ യുദ്ധങ്ങൾ നടന്നാലും അവസാനം പ്രശ്നം പരിഹരിക്കാറുള്ളത് നേതാക്കൾ തമ്മിലുള്ള ചർച്ചകളിലൂടെയാണ്. എല്ലാവരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പ്രശ്നം അവസാനിപ്പിക്കണം. ■

# സമൂഹം ഇടപെടണം

**പി.കെ കുഞ്ഞാലിക്കുട്ടി**
(ജനറൽ സെക്രട്ടറി മുസ്‌ലിംലീഗ്)

**സമൂഹത്തിൽ** നടക്കരുത് എന്ന് നാം ആഗ്രഹിക്കുന്ന സംഭവങ്ങളാണ് മാറാട് നടന്നുകൊണ്ടിരിക്കുന്നത്. മാറാട് വിഷയത്തിൽ ദുഃഖിക്കാത്തവരില്ല. ജാതി മത ഭേദമില്ലാതെ എല്ലാവരും മാറാട്ട് നന്മപുലരാൻ വേണ്ടി പ്രവർത്തിച്ചിട്ടുണ്ട്. നിരപരാധികളായ ധാരാളം പേർ മാറാട് പ്രശ്നത്തിന്റെ പേരിൽ ജയിലിൽ കിടക്കുന്നുണ്ട് എന്നത് സംശയമില്ലാത്ത കാര്യമാണ്.

ഒരു നാടുതന്നെ അനാഥമാക്കപ്പെട്ടിരിക്കുകയാണ്. ഒരു നാടുതന്നെ കുറ്റവാളികളാക്കപ്പെടുന്നു. അവരുടെ മതവിശ്വാസം വെച്ച് അവരെല്ലാം കുറ്റവാളികളായി ചിത്രീകരിക്കപ്പെടുന്നു. ഈ സ്ഥിതിവിശേഷം മാറ്റാൻ സമൂഹത്തിന് ഇടപെടാതിരിക്കാനാവില്ല. കേരള ജനതയാണ് ഈ പ്രശ്നത്തിൽ ഇടപെടുന്നത്. നൂറ്റമ്പതോളം പേർ പ്രതികളാക്കപ്പെട്ടിരിക്കുന്നു. അവരുടെ കുടുംബങ്ങൾ കടുത്ത പ്രയാസത്തിലാണ്. ഇതൊരു വലിയ സാമൂഹിക പ്രശ്നമാണ്. ഇതിലിടപെടാതിരിക്കാൻ വയ്യ. അവർക്ക് നീതി ലഭ്യമാക്കണം. കുറ്റം ചെയ്തവർ ശിക്ഷയനുഭവിക്കണം. പക്ഷേ മറ്റുള്ളവർ എന്തിന് ജയിലിൽ കിടക്കണം? ഇത് സമൂഹത്തിന്റെ മുമ്പിലുള്ള വലിയൊരു ചോദ്യചിഹ്നമാണ്. മാറാട്ടെ പൗരാവകാശലംഘനം അവസാനിപ്പിക്കണം. നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നതും അവസാനിപ്പിക്കണം. നീതി നിഷേധത്തിനെതിരെ നാം പ്രതികരിക്കണം. ■